പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 521 29.01.2019 -ൽ മറുപടിക്ക്

# ആറ്റിങ്ങൽ സ്റ്റീൽ പ്ലാന്റ് പ്രവർത്തനം

**ചോദ്യം** **ഉത്തരം**

**ശ്രീ. ബി.സത്യൻ**

**ശ്രീ. ഇ.പി. ജയരാജൻ**
**(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| എ) | ആറ്റിങ്ങൽ സ്റ്റീൽ പ്ലാന്റ്പ്രവർത്തനം പുനരാരംഭിക്കുന്നത് സംബന്ധിച്ച് വകുപ്പുതലത്തിൽ സ്വീകരിച്ച നടപടിക്രമങ്ങൾ വിശദമാക്കാമോ; | എ) & ബി) | ആറ്റിങ്ങൽ മൂന്നുമുക്കിൽ പ്രവർത്തിച്ചിരുന്ന സ്റ്റീൽ ഫാക്ടറി നിലനിന്നിരുന്ന സ്ഥലം കേന്ദ്ര സർക്കാരിന്റെ അധീനതയിലുള്ള ഭൂമിയാണ്. പ്രസ്തുത ഭൂമി സംസ്ഥാന സർക്കാരിന് കൈമാറികിട്ടിയാൽ മാത്രമേ അവിടെ സംസ്ഥാന പദ്ധതികൾ നടപ്പിലാക്കുവാൻ സാധിക്കുകയുള്ളൂ. പ്രസ്തുത സ്ഥലം സംസ്ഥാന സർക്കാരിന് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുവാൻ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു. ഇതിന്മേൽ മറുപടിയൊന്നും ലഭിച്ചിട്ടില്ല .<br>വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ പ്രസ്തുത സ്ഥലം അനുയോജ്യമായ രീതിയിൽ ഉപയോഗപ്പെടുത്തുന്നതിനുള്ള പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കുന്നതിന് വ്യവസായ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. ഇതു സംബന്ധിച്ച് തിരുവനന്തപുരം ജില്ലാ വ്യവസായ കേന്ദ്രം പഠനം നടത്തുകയും Livelihood, ബിസിനസ്സ് ഇൻകുബേഷൻ സെന്ററും ജില്ലാ വ്യവസായ പരിശീലന കേന്ദ്രവും സ്ഥാപിക്കുന്നതിനുള്ള പദ്ധതി രേഖ വ്യവസായ വാണിജ്യ ഡയറക്ടർക്ക് ലഭിച്ചിട്ടുണ്ട് . |
| ബി) | ഇത് സംബന്ധിച്ച് സെക്രട്ടറി തലത്തിൽ ചേർന്ന യോഗത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ